**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614** **19-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ; | (എ) | മട്ടന്നൂർ മണ്ഡലത്തിൽ ബോർഡ് നിർമ്മിക്കുവാനുദ്ദേശിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയ്ക്ക് അംഗീകാരവും ഭരണാനുമതിയും നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയുടെ കീഴിലെ സഖി നിവാസ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി സർക്കാർ ഭൂമിയിൽ നടപ്പിലാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ബോർഡിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ